(എ) സംസ്ഥാനത്ത് മദ്യനയം നിലവിലുണ്ടോ ; പ്രസ്തുത മദ്യനയം രൂപീകരിച്ചത് എന്നാണെന്ന് അറിയിക്കുമോ ;

(ബി) മദ്യനയത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 12-2-22014-ലെ ജി.ഒ.(എംഎസ്.) നമ്പർ 22/2014/നി.വ. പ്രകാരം കള്ള്ചെത്ത് വ്യവസായ മേഖലയിലുള്ള 2014-15-ലെ അബ്കാരി നയവും, 22-8-2014-ലെ ജി.ഒ.(എംഎസ്.) നമ്പർ 139/2014/നി.വ. പ്രകാരം സമഗ്ര മദ്യനയവും പ്രഖ്യാപിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) പകർപ്പ് അനുബന്ധമായി ലഭ്യമാക്കുന്നതാണ്.*

എക്സൈസ് വകുപ്പിലെ അധിക തസ്തികകൾ

104 (105) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യ നിരോധനത്തിന്റെ ഭാഗമായി വ്യാജമദ്യ വ്യാപനം നിയന്ത്രിക്കാനായി എക്സൈസ് വകുപ്പിൽ അധിക തസ്തികകൾ സൃഷ്ടിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) എക്സൈസ് വകുപ്പ്, ധനകാര്യ വകുപ്പിലേക്ക് നല്കിയ നിർദ്ദേശങ്ങൾ വിശദമാക്കാമോ; നിർദ്ദേശങ്ങൾ എല്ലാം ധനകാര്യ വകുപ്പ് അംഗീകരിക്കുകയുണ്ടായോയെന്നറിയിക്കുമോ ;

(സി) അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഏതെല്ലാം തസ്തികകളിൽ എത്ര പേരെ വീതം സംസ്ഥാനത്ത് പി.എസ്.സി. വഴി നിയമിക്കുകയുണ്ടായി; വിശദമാക്കാമോ;

(ഡി) എക്സൈസ് വകുപ്പിന്റെ നിർദ്ദേശം ധനകാര്യ വകുപ്പ് നിരാകരിച്ചിട്ടുണ്ടെങ്കിൽ, അതിനുള്ള കാരണങ്ങൾ എന്തൊക്കെയായിരുന്നു; വിശദമാക്കാമോ?

ഉത്തരം

(എ) മദ്യനിരോധനത്തിന്റെ ഭാഗമായി എക്സൈസ് വകുപ്പിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള എക്സൈസ് കമ്മീഷണറുടെ . ശിപാർശ സർക്കാരിന്റെ പരിഗണനയിൽ ആണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച 12 പുതിയ താലൂക്കുകളിൽ എക്സൈസ് സർക്കിൾ ഓഫീസുകൾ രൂപീകരിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും, എക്സൈസ് വകുപ്പിൽ ഇന്റലിജൻസ് വിഭാഗം, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നതിനുംവേണ്ടി ആകെ 341 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശമാണ് എക്സൈസ് വകുപ്പ് സർക്കാരിൽ സമർപ്പിച്ചത്. പ്രസ്തുത നിർദ്ദേശത്തിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടില്ല.

(സി) അധിക തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

(ഡി) സർക്കാരിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് ഒരു വർഷത്തേക്ക് പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതില്ലെന്ന മന്ത്രിസഭായോഗ തീരുമാനത്തിന്റെ വെളിച്ചത്തിലാണ് ധനകാര്യ വകുപ്പ് അംഗീകാരം നൽകാതിരുന്നത്.

എക്സൈസ് വകുപ്പ് ശാക്തീകരണം

105 (106) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; എക്സൈസ് വകുപ്പിൽ ആവശ്യത്തിന് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനായി ലൈസൻസ് നേടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലൂടെ ശുദ്ധമായ മദ്യം വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് മദ്യത്തിന്റെ സാമ്പിൾ ശേഖരിച്ച് പരിശോധനാഫലം ഉടനടി ലഭ്യമാക്കുന്നതിനും വേണ്ടി എറണാകുളം ജില്ല കേന്ദ്രീകരിച്ച് മൊബൈൽ ലാബ് ആരംഭിക്കുന്നതിന് തീരുമാനമായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ടി ലാബിന്റെ ആവശ്യത്തിനായി വാങ്ങിയ മിനി ബസിൽ ഫാബ്രിക്കേഷൻ വർക്കുകൾ നടത്തുന്നതിനും കെമിക്കൽസും ഉപകരണങ്ങളും മറ്റും വാങ്ങുന്നതിനും ടെൻഡർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കോഴിക്കോട് ജില്ല കേന്ദ്രീകരിച്ചും മൊബൈൽ ലാബ് തുടങ്ങുന്നതിനുവേണ്ടി ഒരു മിനി ബസ് വാങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എക്സൈസ് വകുപ്പിലെ തെരഞ്ഞെടുത്ത 12 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ ആധുനികവത്ക്കരണത്തിന്റെ ഭാഗമായി നിർമ്മിതി കേന്ദ്രം മുഖേന കണ്ടെയ്നർ

LIBRARY ARCHIVES Kerala Legislative Assembly